بِسم الله الرحمن الرحيم

# LEARN THE QUR-AN

# 23RD- EXAMINATION -2022 Sura Jaziya to Khaf

## റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

# ഓപ്പൺ ബുക്ക് ചോദ്യക്കടലാസ്

**അവസാന പേജിൽ നൽകിയ OPEN BOOK ANSWER SHEET പൂരിപ്പിച്ച്**
**നിങ്ങളുടെ തൊട്ടടുത്ത പരീക്ഷാ സെന്ററിൽ**
**നിർദ്ദേശിക്കുന്ന സമയത്ത് എത്തിച്ചു കൊടുക്കുക**

1. അല്ലാഹുവിന് പുറമേ ആരാധിക്കപ്പെടുന്നവരോടുള്ള വെല്ലുവിളിയായി സൂറത്ത് അഹ്ഖാഫിലെ ആദ്യത്തെ ചോദ്യമേത് ?

| | | | |
|---|---|---|---|
| A | ആകാശങ്ങളിൽ അവർക്ക് പങ്കുണ്ടോ ? | B | ഭൂമിയിൽ അവർ സൃഷ്ടിച്ച വസ്തു ഏത്? |
| C | അറിവിന്റെ ഇനത്തിൽ പെട്ട പ്രമാണം കൊണ്ട് വരാമോ ? | D | ആരാധനക്കുള്ള യഥാർത്ഥ അർഹതയുണ്ടോ ? |

2. ഏറ്റവും വഴി പിഴച്ചവർ ആരെന്നാണ് ചോദ്യ രൂപത്തിൽ അഹ്ഖാഫിന്റെ അഞ്ചാം വചനം ആരായുന്നത് ?

| | | | |
|---|---|---|---|
| A | മദ്യപാനത്തിൽ മുഴുകി ജീവിച്ചവർ | B | വ്യഭി ചാരത്തിലൂടെ ഇരുലോകവും നശിപ്പിച്ചവർ |
| C | പലിശയുടേയും ചൂതാട്ടത്തിന്റേയും വഴിയിൽ സമ്പാദിച്ചവർ | D | അല്ലാഹു അല്ലാത്തവരെ വിളിച്ച് പ്രാർത്ഥിച്ചവർ |

3. പ്രാർത്ഥിക്കുന്ന ഭക്തന്മാരും പ്രാർത്ഥിക്കപ്പെടുന്ന വ്യാജന്മാരും പരലോകത്ത് ഒരുമിച്ച് കൂടുമ്പോൾ പരസ്പര ബന്ധം എങ്ങിനെയായിരിക്കും ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മിത്രങ്ങൾ | B | സുഹൃത്തുക്കൾ | C | സഹായികൾ | D | ശത്രുക്കൾ |

4. അല്ലാഹവിന്റെ ആയത്തുകൾ വ്യക്തമായി ഓതികേൾപ്പിച്ചാൽ അവിശ്വസിച്ചവർ പറയുന്നത് അഹ്ഖാഫ് 7 ാം വചനത്തിൽ എങ്ങിനെയാണ് ?

| | | | |
|---|---|---|---|
| A | ഇത് അവിശ്വസനീയമായ അത്ഭുതമാണ് | B | ഇത് ഭാവനയിലുള്ള സാഹിത്യ സൃഷ്ടിയാണ് |
| C | ഇത് പ്രത്യക്ഷമായ ഒരു ജാലകമാണ് | D | ഇത് മനസ്സിലാക്കാൻ പറ്റാത്ത വാക്കുകളാണ് |

5. നബി (സ) യോട് പറയാൻ അല്ലാഹു കൽപ്പിക്കുന്ന അഹ്ഖാഫിലെ 9 ാം വചനത്തിലെ 2 ാമത്തെ കാര്യമേതാണ് ?

| | |
|---|---|
| A | എന്നെ കൊണ്ടും നിങ്ങളെ കൊണ്ടും എന്ത് ചെയ്യപ്പെടുമെന്ന് എനിക്കറിയില്ല |
| B | എന്നെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും , നിങ്ങളുടെ കാര്യം എനിക്കറിയല്ല |
| C | എന്നെയും നിങ്ങളേയും അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നത് ഉറപ്പില്ല |
| D | എന്റെ കാര്യം എനിക്ക് നൂറ് ശതമാനം അറിയാം പക്ഷേ ഞാൻ പറയില്ല |

6. "തങ്ങൾക്ക് അറിയാത്തതിന്റെ ശത്രുക്കളായിരിക്കും മനുഷ്യന്മാർ " എന്ന വചനം എവിടെ നിന്നുള്ളതാണ് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സൂറത്ത് അഹ്ഖാഫ് | B | സൂറത്ത് ഹുജറാത്ത് | C | സൂറത്ത് ഫത്ഹ് | D | ആപ്ത വാക്യം |

7. തൗറാത്ത് അവതരിച്ച ഭാഷ ഏതായിരുന്നു ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | അറാമിൽ | B | അറബി | C | ഹിബ്രു | D | അജ്ഞാതം |

8. അഹ്ഖാഫ് 13 ന്റെ വിവരണത്തിൽ പേടിക്കുവാനും വ്യസനിക്കുവാനുമില്ലാത്തവരുടെ റബ്ബിലുള്ള വിശ്വാസത്തെക്കുറിച്ച് ഉപയോഗിച്ച പ്രയോഗമേതാണ് ?

| | | | |
|---|---|---|---|
| A | റബ്ബേ എന്ന് വിളിക്കുന്നവൻ | B | അല്ലാഹു റബ്ബാണ് എന്ന് ശരിക്കും ബോധ്യമുള്ളവൻ |
| C | റബ്ബ് അല്ലാഹുവാണ് എന്ന് പറയുന്നവൻ | D | റബ്ബിനേയും മറ്റ് എല്ലാവരേയും വിളിച്ച് തേടുന്നവർ |

9. മനുഷ്യന് പക്വതയും പാകതയും വരുന്ന 40 , 60 വയസ്സു മുതൽ തുടർന്നുണ്ടാകുന്ന പൊതുവായ നില എന്തായിരിക്കും ?

| | |
|---|---|
| A | കൂടുതൽ കൂടുതൽ ബുദ്ധിക്കൂർമ്മതയോടെ ഉയർന്ന് പോകും |
| B | അതേ നിലയിൽ മരണം വരെ തുടന്ന് കൊണ്ടിരിക്കും |
| C | പിന്നീട് ഗതി നേരെ കീഴ്പ്പോട്ട് മാറിക്കൊണ്ടിരിക്കും |
| D | സാഹചര്യങ്ങൾക്കനുസരിച്ച് കൂടിക്കൊണ്ടിരിക്കും |

10. അഹ്ഖാഫ് 20 ാം വചന വിവരണ പ്രകാരം ഐഹിക വിഭവങ്ങൾ കൊണ്ട് ഒരു മുസ്‌ലിം ചെയ്യേണ്ടത് എന്താണ് ?

| | |
|---|---|
| A | ആവശ്യങ്ങൾ സുഭിക്ഷമാക്കി ഉപയോഗപ്പെടുത്തുക |
| B | അത്യാവശ്യങ്ങൾ മാത്രം നന്ദി പൂർവ്വമായി ഉപയോഗിക്കുക |
| C | അനാവശ്യങ്ങൾക്കും ഉപയോഗിച്ചാൽ വിരോധമില്ല |
| D | സ്വന്തമാണങ്കിൽ ആർഭാടങ്ങൾക്ക് ഉപയോഗിച്ചാൽ തെറ്റില്ല |

11. "അഹ്ഖാഫ് എന്നാൽ എന്ത് ?

| | | | |
|---|---|---|---|
| A | ഒരു ഗുഹയുടെ പേര് . | B | ഒരു മണൽ ഭൂമിയുടെ പേര് |
| C | ഒരു നാടിന്റെ പേര് | D | ഒരു കടലോരത്തിന്റെ പേര് |

12. മഴയില്ലാതെ കഷ്ടപ്പെടുന്ന സമയത്ത് ചക്ര വാളത്തിൽ പൊന്തി വന്ന കാർമേഘം ഹൂദ് നബിയുടെ ജനതക്ക് എന്തിനുള്ള മുന്നോടിയായിരുന്നു ?

| | | | |
|---|---|---|---|
| A | അനുഗ്രഹ വർഷം | B | മഴയുടെ വർഷം |
| C | ശിക്ഷയുടെ മുന്നോടി | D | മുന്നറിയിപ്പുകളുടെ മുന്നോടി |

13. اولو العزم ( ദൃഢ മനസ്കതയുള്ളവർ ) എന്ന വിശേഷണത്തിൽ എടുത്ത് പറയപ്പെടാത്ത പ്രവാചകൻ ആരാണ് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇബ്രാഹീം (അ) | B | യൂസഫ് (അ) | C | മൂസാ (അ) | D | ഈസാ (അ) |

14. സൂറ:ഖാഫിൽ سَكْرَة (ലഹരി) എന്നത് എന്തിന്റെ വിശേഷണമായാണ് നൽകിയത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മദ്യത്തിന്റെ | B | മരണത്തിന്റെ | C | സ്വർഗ്ഗീയ പാനീയത്തിന്റ | D | ആനന്ദത്തിന്റെ |

15. ഖുർആൻ ഓരോ ദിവസത്തേയും പാരായണത്തിന് ഉപയോഗിക്കുന്ന ഭാഗത്തിന് പറയുന്ന പേര് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഹിസ്ബ് | B | തജ്‌വീദ് | C | തഹ്ഫീള് | D | തർതീല് |

16. സൂറ: ജാസിയയിലെ أيام الله അല്ലാഹുവിന്റെ ദിവസങ്ങൾ എന്നത് കൊണ്ടുള്ള ഉദ്ദേശ്യം ?

| | | | |
|---|---|---|---|
| A | അന്ത്യനാൾ | B | മഹ്ശറ |
| C | മുൻ കഴിഞ്ഞ സമുദായങ്ങളിൽ സംഭവിച്ച ശിക്ഷാ ദിവസങ്ങൾ | D | പുണ്യനാളുകൾ |

17. അവനിലേക്ക് നാം ( അവന്റെ ) കണ്ഠ നാഡിയേക്കാൾ അടുത്തവനത്രെ (ഖാഫ് 16) ആരാണ് നാം

| | | | |
|---|---|---|---|
| A | നന്മ തിന്മകൾ രേഖപ്പെടുത്തുന്ന മലക്കുകൾ | B | അല്ലാഹു |
| C | പ്രവാചകന്മാർ | D | പിശാച് |

18. സൂറ : ഖാഫിൽ സ്വർഗ്ഗത്തെ പരാമർശിച്ചപ്പോൾ " നമ്മുടെ അടുക്കൽ കൂടുതലായുള്ളതും ഉണ്ട് " എന്ന് പറഞ്ഞു ഇവിടെ കൂടുതൽ കൊണ്ടുള്ള ഉദ്ദേശ്യം ?

| | | | |
|---|---|---|---|
| A | അല്ലാഹുവിനെ ദർശിക്കുക | B | ഉദ്ദേശ്യ കാര്യങ്ങൾ മുഴുവനും ലഭിക്കുക |
| C | ഉദ്ദേശിച്ചത് മുഴുവനും പ്രത്യേകം ഒരുക്കിയതും ലഭിക്കുക | D | കൂടുതൽ ഉയർന്ന സ്ഥാനങ്ങൾ ലഭിക്കുക |

19. അടുത്ത സ്ഥലത്തു നിന്ന് വിളിച്ചേക്കുന്ന ഒരാൾ വിളിക്കുന്ന ദിവസത്തെ നീ ചെവിയോർത്തു കൊണ്ടിരിക്കുക " (ഖാഫ്) ഈ വിളി കൊണ്ട് ഉദ്ദേശിക്കുന്നത് ?

| | | | |
|---|---|---|---|
| A | സത്യപ്രബോധകന്റെ വിളി | B | പള്ളിയിൽ നിന്നുള്ള ബാങ്ക് വിളി |
| C | പുനർ ജീവിതത്തിനുള്ള വിളി | D | മരണപ്പെടുന്ന ബന്ധുക്കളുടെ നിലവിളി |

20. അല്ലാഹുവിന്റെ താക്കീത് ഭയപ്പെടുന്നവർക്ക് ഉൽബോധനം നൽകുന്നത് എന്ത് മുഖേനെയായിരിക്കും ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഗുണപാഠങ്ങൾ | B | ഹദീസുകൾ | C | പരലോക ചിന്ത | D | ഖുർആൻ |

21. സൂറ : ഹുജറാത്തിൽ വിശ്വാസികളുടെ സൽകർമ്മങ്ങൾ ഫല ശൂന്യമായി പോകുന്നത് സൂക്ഷിക്കണം എന്ന് പറഞ്ഞ കാര്യമെന്ത് ?

| | |
|---|---|
| A | സ്വന്തം അഭിപ്രായങ്ങൾക്ക് ഖുർആനിനേക്കാൾ പ്രാമുഖ്യം നൽകൽ |
| B | ഖുർആനും സുന്നത്തുമനുസരിച്ച് വിധി നടത്താതിരിക്കൽ |
| C | നബിയിൽ വിശ്വസിക്കാതിരിക്കൽ |
| D | നബിയുടെ സന്നിധിയിൽ അദ്ദേഹത്തേക്കാൾ ശബ്ദമുയർത്തൽ |

22. നബി തിരുമേനിയുടെ അറകൾക്ക് പിന്നിൽ വന്ന് അദ്ധേഹത്തെ പേര് പറഞ്ഞ് വിളിച്ച യാത്രാ സംഘം ഏത് ഗോത്രത്തിൽ നിന്നുള്ളവരായിരുന്നു ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഖസ്റജ് | B | തമീം | C | ഔസ് | D | ഖുറൈശ് |

23. നീ നിന്റെ സഹോദരനെക്കുറിച്ച് അവന് വെറുപ്പുള്ള കാര്യം പറയലാണ് ..................................................

| | | | | | | | |
|---|---|---|---|---|---|---|---|
| A | കദിബ് ( കളവ് ) | B | ഗീബത്ത് ( പരദൂഷണം ) | C | നമീമത്ത് ( ഏഷണി ) | D | ഹസദ് ( അസൂയ ) |

24. വാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോൾ നാം സ്വീകരിക്കേണ്ട നിലപാട്

| | | | |
|---|---|---|---|
| A | വ്യക്തികളെ പരിഗണിക്കണം | B | വാർത്തകളുടെ നിജസ്ഥിതി പരിശോധിക്കണം |
| C | അവ വിശ്വസിക്കാൻ പാടില്ല | D | പ്രചരിപ്പിക്കണം |

25. സൂറത്ത് ഫത്ഹ് അവതരിച്ചത് താഴെ പറയുന്നവയിൽ ഏതിനോട് അനുബന്ധിച്ചാണ് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ബദർ വിജയം | B | മക്കാ വിജയം | C | ഹുദൈബിയ സന്ധി | D | ഖൈബർ വിജയം |

26. മക്കാവിജയത്തിന്റെ അന്ന് നബി (സ) വാഹനപ്പുറത്തിരുന്ന് നീട്ടി ഓതിയ സൂറത്ത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സൂറ:നസ്റ് | B | സൂറ:ഫത്ഹ് | C | സൂറ:ഇഖ്‌ലാസ് | D | സൂറ:ഫാതിഹ |

27. നബി (സ) യുടെ കയ്യിൽ സ്വഹാബികൾ കൈ വെച്ച് മരണം വരേയും യുദ്ധം ചെയ്യാൻ തയ്യാറാണന്ന് ഉറപ്പ് നൽകിയ പ്രതിജ്ഞക്ക് .......................................എന്ന് പറയുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഹുദൈബിയ സന്ധി | B | ബൈഅത്ത് റിള്‌വാൻ | C | ബൈഅതു സ്വഹാബ | D | ബൈതുൽ അഖബ |

28. ഉംറത്തുൽ ഖളാഅ് (عُمْرَةُ الْقَضَاء ) എന്ന പേരിൽ അറിയപ്പെട്ട ഉംറ നബി (സ) യും സ്വഹാബികളും നിർവഹിച്ചത് ഹിജ്റ ; എത്രാം വർഷം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഹിജ്റ 6 | B | ഹിജ്റ 7 | C | ഹിജ്റ 3 | D | ഹിജ്റ 2 |

29. സൂറ:ഫത്ഹിലെ 'ഫത്ഹൻ ഖരീബ ' ( ആസന്ന വിജയം ) എന്ന് പറഞ്ഞത് കൊണ്ടുള്ള വിവക്ഷയെന്ത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | പരലോക വിജയം | B | മക്കാ വിജയം | C | ഹുദൈബിയ്യ സന്ധി | D | ഖൈബർ വിജയം |

30. "അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ , അല്ലാഹു താങ്കളെ അനുഗ്രഹിച്ചിരിക്കുന്നു " ഉമ്മുൽ അലാഅ് ഇത് പറഞ്ഞതെപ്പോൾ ?

| | | | |
|---|---|---|---|
| A | ഹൻളലത് (റ) രക്ത സാക്ഷിയായപ്പോൾ | B | അബൂബക്കർ (റ) മരിച്ചപ്പോൾ |
| C | ഉസ്മാനുബ്നു മള്ഊൻ മരിച്ചപ്പോൾ | D | ഉമർ (റ) വധിക്കപ്പെട്ടപ്പോൾ |

31. കുഞ്ഞിന് ജീവിക്കാൻ മതിയാകുന്ന ഏറ്റവും ചുരിങ്ങിയ ഗർഭ കാലം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | 8 മാസം | B | 6 മാസം | C | 9 മാസം | D | 4 മാസം |

32. അല്ലാഹുവിന്റെ അടുത്ത് ഏറ്റവും ആദരണീയൻ ആരാണ് ?

| | | | |
|---|---|---|---|
| A | നിങ്ങളിലെ ഭരണാധിപന്മാർ | B | നിങ്ങളിലെ പ്രവാചകന്മാർ |
| C | നിങ്ങളിൽ ഏറ്റവും ഭയഭക്തിയുള്ളവർ | D | നിങ്ങളിൽ ഏറ്റവും പാണ്ഡിത്യമുള്ളവർ |

33. അഹ്ഖാഫ് ആരുടെ വാസസ്ഥലമാണ് ?

| | | | |
|---|---|---|---|
| A | നൂഹ് നബിയുടെ ജനതയുടെ | B | ഹൂദ് നബിയുടെ ജനതയുടെ |
| C | സ്വാലിഹ് നബിയുടെ ജനതയുടെ | D | അയ്യൂബ് നബിയുടെ ജനതയുടെ |

34. ഏഴ് പകലും എട്ട് രാത്രിയും നീണ്ടു നിന്ന കൊടുങ്കാറ്റു കൊണ്ടു ശിക്ഷിക്കപ്പെട്ട ജനത ?

| | | | |
|---|---|---|---|
| A | സമൂദ് ഗോത്രം | B | ആദ് ഗോത്രം |
| C | ശുഐബ് നബിയുടെ ജനത | D | നീനവാ പ്രദേശത്തുക്കാർ |

35. ഹിജാസിനും ശാമിനും ഇടയിലുള്ള നാടാണ് ....................................

| | | | | | | | |
|---|---|---|---|---|---|---|---|
| A | മദ്‌യൻ | B | സദൂം | C | ഹിജ്റ | D | അഹ്ഖാഫ് |

36. മുസ്‌ലിംകളുമായി യുദ്ധത്തിൽ തോറ്റവരോട് അനുവർത്തിക്കേണ്ട പൊതുതത്വത്തെ സൂചിപ്പിക്കുന്ന രണ്ട് പദങ്ങളാണ് ..

| | | | |
|---|---|---|---|
| A | مَنّ فِداء മന്ന് ഫിദാഅ് | B | ضَرْبُ رِقاب , ളർബ് രിഖാബ് |
| C | ضَرْبُ أَوْزار ളർബ് അൗസാറ് | D | وشَاق بال വസാഖ് ബാല് |

37. "അല്ലാഹു ഞങ്ങളുടെ നാഥനാണ് നിങ്ങൾക്ക് നാഥനില്ല " ഇത് ശത്രുക്കളോട് വിളിച്ച് പറയാൻ നബി (സ) കൽപിച്ചത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ബദറിൽ | B | ഖന്തക്കിൽ | C | ഖൈബറിൽ | D | ഉഹ്ദിൽ |

38. "അല്ലാഹുവിന്റെ രാജ്യങ്ങളിൽ എനിക്കേറ്റവും ഇഷ്ടം നീയാണ് " ഇത് നബി (സ) ഏത് നാടിനെ സംബന്ധിച്ച് പറഞ്ഞതാണ് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഫലസ്തീൻ | B | മദീന | C | മക്ക | D | ശാം |

39. "എന്നാൽ അതിന്റെ അടയാളങ്ങൾ വന്ന് കഴിഞ്ഞു" ( മുഹമ്മദ് 18 )

| | | | |
|---|---|---|---|
| A | മുഹമ്മദ് നബി (സ) യുടെ മരണം | B | ഈസാ നബി (അ) യുടെ ആഗമനം |
| C | അന്ത്യദിനം | D | മുസ്‌ലിംകൾക്ക് വരാനിരിക്കുന്ന വിജയങ്ങൾ |

40. സൂറ : മുഹമ്മദിലെ " وَتَدْعو الى السّلم " വ തദ് ഊ ഇലസ്സൽമി ' എന്നതിലെ സൽമിന്റെ അർത്ഥം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | കോണി | B | ഉയരം | C | സമാധാനം | D | സ്വാതന്ത്ര്യം |

41. ഇത് മനുഷ്യർക്ക് ഉൾക്കാഴ്ചയും മാർഗ്ഗ ദർശനവും കാരുണ്യവുമാണ് " ഏത് ? (ജാസിയ )

| | | | | | | | |
|---|---|---|---|---|---|---|---|
| A | പ്രവാചകൻ (സ) | B | കഅ്ബാ ശരീഫ് | C | വിശുദ്ധ ഖുർആൻ | D | നബി ചര്യ |

42. " ഹേ വിശ്വസിവരേ , പ്രവാചകന്റെ ശബ്ദത്തിനു മീതെ നിങ്ങൾ ശബ്ദം ഉയർത്തരുത് എന്ന വചനം അവതരിച്ചതോടെ ഭയപ്പെട്ട് നബി (സ) യുടെ സദസ്സിൽ നിന്നും വിട്ടു നിന്ന സ്വഹാബി ആരായിരുന്നു ?

| | | | |
|---|---|---|---|
| A | സൈദ് ബ്നു ഹാരിസ് | B | സൈദ്ബ്നു സാബിത് |
| C | സാബിത് ബ്നു ഖൈസ് | D | ഖൈസ് ബ്നു സാബിത് |

43. സൂറ: ജാഥിയയിലെ أَفَّاكٍ أَثِيم ( അഫഫാകുൻ അഥീം ) എന്ന് വിശേഷിപ്പിച്ചത് ആരെയാണ് ?

| | |
|---|---|
| A | അല്ലാഹുവിന്റെ ആയത്തുകൾ കേട്ടിട്ടും അഹങ്കരിച്ച് കേൾക്കാത്ത പോലെ അഹംഭാവത്തിൽ നിരതരായവർ |
| B | നമസ്കരിക്കാത്തവർ |
| C | പ്രവാചകനെ പരിഹസിക്കുന്നവർ |
| D | അല്ലാഹുവോട് പങ്കാരെ ചേർക്കുന്നവർ |

44. നമ്മുടെ പാഠ്യ പദ്ധതിയിൽ 'മുട്ട് കുത്തിയ നിലയിൽ ' എന്ന് അർത്ഥമുള്ള അധ്യായം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ജാഥിയ | B | സജ്ദ | C | ശൂറ | D | സുഖ്റുഫ് |

45. സൂറ ഖാഫിൽ " ഏറ്റടുക്കുന്ന രണ്ടു പേർ " ( الْمُتَلَقِّيان ) എന്ന് പറഞ്ഞതിലുള്ള വിവക്ഷ ?

| | |
|---|---|
| A | മരണ സമയം ആത്മാവിനെ പിടിച്ചെടുക്കുന്ന മലക്കുകൾ . |
| B | ഖബറിൽ വെച്ച് ചോദ്യം ചെയ്യുന്ന മലക്കുകൾ |
| C | മനുഷ്യന്റെ നന്മ തിന്മകളെ രേഖപ്പെടുത്താനായി ഏൽപ്പിക്കപ്പെട്ട മലക്കുകൾ |
| D | സ്വർഗ്ഗത്തേയും നരകത്തേയും കാക്കുന്ന മലക്കുകൾ |

46. سَواء مَحْيَاهُمْ وَمَمَاتُهم സവാഅൻ മഹ്‌യാഹും വമമാതുഹും " അവരുടെ ജീവിതവും മരണവും സമമായ നിലയിൽ " (ജാസിയ 21 ) എന്താണിവിടെ ഉദ്ദേശ്യം ?

| | |
|---|---|
| A | മഹാന്മാരുടെ ജീവിതവും മരണവും സമമാണ് |
| B | സത്യവിശ്വാസികളുടേയും ദുഷ്കർമ്മകാരികളുടേയും ജീവിതം ഇഹലോകത്ത് സമമായത് പോലെ പരലോകത്തും സമാമയിരിക്കുമെന്ന് കരുതരുത് |
| C | ഇരു ലോകത്തും ഇരു കൂട്ടരുടേയും ജീവിതം സമമായിരിക്കും |
| D | ദുഷ്കർമ്മകാരികൾക്ക് പരലോകത്ത് ദുരിത പൂർണ്ണമായ ജീവിതമായിരിക്കും |

47. " ഇസ്റാഈൽ സന്തതികൾക്ക് നാം വേദഗ്രന്ഥവും വിധിയും പ്രവാചകത്വവും കൊടുക്കുകയുണ്ടായി" (ജാസിയ ) ഇവിടെ വേദഗ്രന്ഥം എന്ന് പറഞ്ഞത് ഏതാണ് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇഞ്ചീൽ | B | സബൂർ | C | ഖുർആൻ | D | തൗറാത്ത് |

48. നബി (സ) യോട് അനുസരണക്കേട് കാണിച്ചവർ ചെയ്യണമെന്ന് ഖുർആൻ നിർദ്ദേശിച്ച കാര്യങ്ങളിൽ പെടാത്തത് ? (സൂറ : മുഹമ്മദിന്റെ വ്യാഖ്യാനം )

| | |
|---|---|
| A | നബി (സ) യുടെ അടുത്ത് വരിക |
| B | അവർ അല്ലാഹുവിനോട് പാപമോചനം തേടുക |
| C | അവർ പ്രവാചകനോട് പാപമോചനമർത്ഥിക്കുക |
| D | പ്രവാചകൻ (സ) അവർക്ക് വേണ്ടി പാപമോചനത്തിന് അർത്ഥിക്കുക |

49. "തന്റെ സഹോദരൻ മരണപ്പെട്ടവനായിരിക്കെ അവന്റെ മാംസം തിന്നുന്നത് നിങ്ങൾ ഒരാൾഇഷ്ടപ്പെടുമോ ? " ഈ ചോദ്യം മുഖേനെ അല്ലാഹു പഠിപ്പിക്കുന്നത് ?

| | |
|---|---|
| A | അത് നിങ്ങൾ നിങ്ങളെ തന്നെ പരിഹസിക്കുന്നതിന് തുല്ല്യമാണ് |
| B | മരിച്ചവർ ജീവിച്ചിരിക്കുന്നവരേക്കാൾനന്മ നിറഞ്ഞവരാണ് |
| C | സത്യവിശ്വാസികൾ മരിച്ചാലും ജീവിച്ചാലും ഒരു പോലെ ശക്തിയും കഴിവുമുള്ളവരാണ് |
| D | ഒരാളുടെ അഭാവത്തിൽ അയാളെക്കുറിച്ച് പരദൂഷണം പറയരുത് |

50. അവരുടെ കേൾവിയും കാഴ്ചയും ഹൃദയവും ഒട്ടും തന്നെ അവർക്ക് ഉപകരിച്ചില്ല ( സൂറ അഹ്ഖാഫ് )

| | | | |
|---|---|---|---|
| A | നന്ദികേട് കാണിച്ചു | B | ധിക്കാരം പ്രവർത്തിച്ചു |
| C | അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിച്ചു. | D | അശ്രദ്ധയോടെ ഉപയോഗിച്ചു |

വമ്പിച്ച സമ്മാനങ്ങൾ
(അതാതു സെന്ററുകളിൽ നിന്നും )
ഈ ചോദ്യക്കടലാസിൽ ഉത്തരങ്ങൾ അടയാളപ്പെടുത്തി
തിരിച്ച് നൽകുന്നതിനുള്ള തിയ്യതി അറിയുവാൻ തൊട്ടടുത്ത പരീക്ഷ കേന്ദ്രവുമായി ബന്ധപ്പെടുക

പരീക്ഷ കൺട്രോളർ
റിയാദ് , സഊദി അറേബ്യ
ഫോൺ : 0507462528